# ഭരണഭാഷ - മാതൃഭാഷ

നമ്പർ. D2/6810/19/ജിപിസി-പി എൽ കെ ഡി

ഗവണ്മെന്റ് പോളിടെക്നിക് കോളേജ് പാലക്കാട് തീയതി: 11.04.2022

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ പോളിടെക്നിക്ക് കോളേജ്, പാലക്കാട്-വിദ്യാർത്ഥികൾ ഓഫീസ്/അഡ്മിനിസ്ട്രേറ്റിവ് കാര്യാലയത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ/പരാതികൾ-ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന :- തനത് ആവിർഭാവം

പരീക്ഷ സെക്ഷൻ(D2- സെക്ഷൻ) കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സംബന്ധമായി ഈ ഓഫീസിൽ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെയും അധ്യയനം പൂർത്തിയായ വിദ്യാർത്ഥികളുടെയും ഓഫീസിൽ നേരിൽ സമർപ്പിക്കപ്പെടുന്ന ഓരോ അപേക്ഷയും/പരാതികളും വകുപ്പ് മേധാവി ശുപാർശ ചെയ്യേണ്ടതാണ്.ഇ-മെയിൽ മുഖേനയുള്ള വിദ്യാർത്ഥികളുടെ അപേക്ഷകളിൽ/പരാതികളിൽ പലതിലും വിദ്യാർത്ഥികളുടെ മൊബൈൽ നമ്പർ, പെർമനന്റ് രെജിസ്റ്റർ നമ്പർ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത്, അഡ്മിഷൻ നമ്പർ എന്നിവയുടെ അഭാവം ശ്രദ്ധയിൽപ്പെട്ടു.വകുപ്പ് മേധാവി ആയത് എല്ലാ അപേക്ഷകളിലും/പരാതികളിലും ഉണ്ടോയെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ ഇ-മെയിൽ Forward ചെയ്യുവാൻ പാടുകയുള്ളൂ.വിദ്യാർത്ഥികളോട് കഴിവതും വെള്ള പേപ്പറിലെ വിശദമായ അപേക്ഷ(വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ ഒപ്പ് സഹിതം) സ്കാൻ ചെയ്ത് വകുപ്പ് മേധാവിയുടെ ഔദ്യോഗിക മെയിലിലേക്ക്(ഈ വിഷയത്തിൽ വകുപ്പ് മേധാവിയുടെ വ്യക്തിഗത ഇ-മെയിൽ അനുവദനീയമല്ല) അയക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.വകുപ്പ് മേധാവി ആയത് താമസംവിനാ ഓഫീസ് മെയിലിലേക്ക് അയക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.അപേക്ഷ/പരാതി സ്കാൻ ചെയ്യുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക സഹായങ്ങൾ അതാത് വകുപ്പ് മേധാവികൾ വിദ്യാർത്ഥികൾക്ക് ഏർപ്പാട് ചെയ്യേണ്ടതാണ് .

**സീമ കെ.എൻ.**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1. എല്ലാ വകുപ്പ് മേധാവികളും(ഔദ്യോഗിക ഇ-മെയിൽ മുഖേന)
2. കോളേജ് വെബ്സൈറ്റ്(http://gptcpalakkad.ac.in)

Draft #7 of File D2/6810/19/GPC-PLKD Approved by Principal on 11-Apr-2022 04:33 PM - Page 1